(ബി) വിനോദസഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നിയമാനുസൃതം പ്രവർത്തിക്കാൻ തയാറാകുന്ന ഇത്തരക്കാർക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നല്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, പോലീസ് അധികൃതരും കാണിക്കുന്ന അലംഭാവവും അനാവശ്യ കാലതാമസവും പരിഹരിക്കാൻ വിനോദ സഞ്ചാര വകപ്പ് എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോ ;

(സി) ഈ ബുദ്ധിമുട്ടുകൾ കാരണം നിയമാനുസൃതം ലൈസൻസ് നേടി സ്ഥാപനം നടത്താൻ ഇറങ്ങി പുറപ്പെടുന്നവർ വമ്പിച്ച കടക്കെണിയിൽപ്പെട്ട് അനധികൃത മാർഗ്ഗങ്ങളിലേക്ക് മാറാൻ നിർബന്ധിതരാകുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെടുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇതു സംബന്ധമായ പരാതികളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ വിനോദസഞ്ചാര മേഖലയിൽ ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല എന്നിവ സ്വയംതൊഴിൽ സംരംഭമായി ആരംഭിക്കുന്നവർ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ

305 (1013) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ടിൽപ്പെട്ട ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണ് ;പ്രസ്തുത സെന്ററിന്റെ ചുമതല ഏത് ഉദ്യോഗസ്ഥനാണ് ; എത്ര രൂകയാണ് ഇതിനുവേണ്ടി ചെലവഴിച്ചത്; കഴിഞ്ഞ മഴക്കാലത്ത് വെള്ളം കയറി ഭൂരിഭാഗം പ്രദേശവും തകർന്ന് പോയതും ഇപ്പോൾ സന്ദർശകർക്ക് ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് കയറാൻ കഴിയാത്ത സ്ഥിതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് ഞാൻ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഈ ടൂറിസ്റ്റ് കേന്ദ്രം തകർച്ചയിൽനിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ടിൽപ്പെട്ട ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണച്ചുമതല സിഡ്കോയ്ക്കാണ് നൽകിയിട്ടുള്ളത്. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി സിഡ്കോ ടൂറിസം വകുപ്പിന് കൈമാറിയിട്ടില്ല. ഇതിന് വേണ്ടി 24,11,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ മഴക്കാലത്ത് വെള്ളം കയറി സന്ദർശകർക്ക് ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് കയറാൻ കഴിയാത്ത സ്ഥിതിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

കിഴക്കേകോട്ട, തമ്പാനൂർ ബസ് ടെർമിനലുകളുടെ ശോചനീയാവസ്ഥ

306 (1014) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരക്കണക്കിന് വിദേശികളും സ്വദേശികളുമായ വിനോദ സഞ്ചാരികളും മറ്റുള്ളവരും ദിനംപ്രതി വന്നുപോകുന്ന തലസ്ഥാനത്തെ കിഴക്കേകോട്ട , തമ്പാനൂർ ബസ് ടെർമിനലുകളുടെയും പരിസര പ്രദേശങ്ങളുടെയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹനയാത്ര പോയിട്ട് സുരക്ഷിതമായ കാൽനട യാത്രപോലും അസാദ്ധ്യമായ തലസ്ഥാനം വിനോദസഞ്ചാരികളിൽ ഉണ്ടാക്കുന്ന അറപ്പും വെറുപ്പും സംസ്ഥാനത്തിന്റെ വിനോദസഞ്ചാര വികസന മോഹങ്ങൾക്ക് തിരിച്ചടിയാവുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) വർഷങ്ങളായി തുടരുന്ന ഈ കെടുകാര്യസ്ഥതയ്ക്ക് ഉത്തരവാദികൾ ആരാണെന്ന് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഈ ദുഃസ്ഥിതിക്ക് അറുതി വരുത്താൻ വിനോദ സഞ്ചാര വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; എങ്കിൽ എന്ന് നടപ്പിലാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി. വക സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. നിർമ്മിച്ച ബസ് ടെർമിനൽ കോംപ്ലക്സ് പ്രവർത്തന സജ്ജമായിട്ടുണ്ട്. ബസ് യാത്രക്കാർക്കുവേണ്ട സൗകര്യങ്ങളും ഷോപ്പിംഗ് മാളും ഈ സമുച്ചയത്തിലുണ്ട്. 220-ൽ പരം കാറുകൾക്കും 500-ൽ അധികം ഇരുചക്ര വാഹനങ്ങൾക്കും പാർക്കിംഗ് സൗകര്യവും ഈ ഷോപ്പിംഗ് മാളിലുണ്ട്.